To RMIS

# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,വഴുതക്കാട്,

തിരുവനന്തപുരം

website: www.forest.keralagov.in, Email: fibnews@gmail.com, Ph. 0471- 2529145

## പത്രക്കുറിപ്പ്

തീയതി.17.02.2020

### ചന്ദന തടിയുടെ ചില്ലറ വില്പന

നിലവാരമുള്ള ചന്ദനത്തടി പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ കോന്നി തടി ഡിപ്പോയിൽ ചന്ദന തടിയുടെ ചില്ലറ വിൽപ്പന ആരംഭിച്ചു. ക്ലാസ്സ് IV ഗോട്ട്ല (കിലോഗ്രാമിന് 19598/-രൂപ), ക്ലാസ്സ് VI ബാഗ്രാദാദ് (കിലോഗ്രാമിന് 16055/-രൂപ), ക്ലാസ്സ് XIV സാപ്വുഡ് ബില്ലറ്റ് (കിലോഗ്രാമിന് 1507/- രൂപ) എന്നിവയാണ് വിൽപ്പന നടത്തുന്നത്. മേൽപ്പറഞ്ഞ ക്ലാസ്സുകളിലെ 50 ഗ്രാം, 100 ഗ്രാം, 200 ഗ്രാം, 500 ഗ്രാം, 600 ഗ്രാം, 1 കിലോഗ്രാം, വരെയുള്ള ചന്ദനതടികളാണ് വ്യക്തികൾക്ക് വാങ്ങാവുന്നത്. ആധാർ കാർഡ്/പാൻകാർഡ് എന്നിവയുടെ പകർപ്പുകൾ ഹാജരാക്കി പ്രവർത്തി ദിനം രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെ ചന്ദനം വാങ്ങാം. ആരാധനാലയങ്ങൾ, അംഗീകൃത സ്ഥാപനങ്ങൾ എന്നിവയ്ക്ക് നിയന്ത്രണം ബാധകമല്ല. ആരാധനാലയങ്ങൾ ബന്ധപ്പെട്ട ഭാരവാഹികളുടെ കത്തും മറ്റുള്ളവർ അംഗീകൃത ലൈസൻസും ഹാജരാക്കണം.

കൂടുതൽ വിവരങ്ങൾക്ക് ഫോൺ: കോന്നി ഡിപ്പോ: 0468-2247927

17/2/2020

പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ